V

# രാജർഷി

| പുസ്തകം 8 | മകരം | ലക്കം 6 |
|---|---|---|

## മംഗളം.

—*—

* പീലികെട്ടു ശിരസ്സിലും മരതകപ്പൊട്ടാ ലലാടത്തിലും;
പ്രേമപ്പാലധരത്തിലും; കനകഹാരം മഞ്ജുകണ്ഠത്തിലും;
ശ്രീവത്സം തിരുമാറിലും; മുരളമഞ്ഞപ്പട്ടരക്കെട്ടിലും;
ചേലിൽ ച്ചാർത്തിയ ബാലകൻ; 'ശുഭമണച്ചീടട്ടെ! "രാജർഷി"യിൽ!

അക്കിത്തത്തു് അച്യുതൻ നമ്പൂതിരി.

* പ്രോത്സാഹനാർത്ഥം.

## അഭിപ്രായം.

രാജർഷി യഥാകാലം കിട്ടുകയും സകൌതുകം വായിക്കുകയും ചെയ്യാറുണ്ടു്. ഈ മാസികയുടെ അനുകരണീയമായ പ്രവർത്തനംകൊണ്ടു് കൈരളിയ്ക്കു നാനാമുഖമായ അഭിവൃദ്ധിയും പരിഷ്ക്കാരവും ലഭിച്ചുവരുന്നു. പ്രൌഢപണ്ഡിതന്മാരുടെ ഉജ്ജ്വലങ്ങളായ ഉപന്യാസങ്ങൾ രാജർഷിയുടെ ഓരോ ലക്കത്തേയും ആകർഷകവും പ്രയോജനപ്രദവും ആക്കിത്തീർക്കുന്നു. ഭിന്നങ്ങളായ സാഹിത്യപ്രസ്ഥാനങ്ങളിൽ ഏറെക്കുറെ എല്ലാത്തിനുംതന്നെ രാജർഷി മാന്യസ്ഥാനം കൊടുത്തിരിക്കുന്നതു കാണാം. അതുകൊണ്ടു് 'കുറവും കുററവും പറവാൻ നോമ്പുനോററി'രിക്കുന്നവർക്കു് രാജർഷിയുടെ കാര്യത്തിൽ നാക്കനക്കുവാൻ നിവൃത്തിയില്ല. രാജർഷിയുടെ ഗ്രന്ഥനിരൂപണനയവും ശ്ലാഘ്യമായിരിക്കുന്നു. മററുപലമാസികകളും ചെയ്യുന്നതുപോലെ ഗ്രന്ഥങ്ങളെക്കുറിച്ചു് എന്തെങ്കിലും പറഞ്ഞു് 'വഴിപാടു്' നിർവ്വഹിക്കുന്ന കാര്യം രാജർഷിക്കു് ഹിതമുള്ളതല്ല. രാജർഷിയുടെ ഗ്രന്ഥവിമർശനം അനുദ്ധതവും പ്രായേണ ഗ്രന്ഥകർത്താക്കന്മാർക്കു് ഹിതവും മിതവും ആയിരിക്കും.

ചുരുങ്ങിയകാലത്തിനിടക്കുതന്നെ രാജർഷി, ഭാഷയുടെ സമ്പത്തിനെ സാരമായവിധം പോഷിപ്പിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ടു്. മേലിലും അങ്ങനെ

ചെയ്യുമെന്നു ദൃഢമായി വിശ്വസിക്കാം. പല ക്ലേശങ്ങളും സഹിച്ച്, ഭാഷാഭിവൃദ്ധിയെ പ്രധാനലക്ഷ്യമാക്കി 'രാജഷി'യുടെ കാര്യത്തിൽ പ്രവർത്തിക്കുന്ന സൽകവിവര്യനായ ശ്രീമാൻ കെ. കെ. ഗോപാലപിള്ളയെ ഞാൻ അഭിനന്ദിക്കുകയും പ്രസ്തുത മാസികക്ക് ഉത്തരോത്തരം വിജയം സിദ്ധിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു

വൈക്കം. 1117_4_15 }

ม. മ ശ്രീ വടക്കുംകൂർ
രാജരാജവർമ്മരാജാ.

## നമ്മുടെ സംഗീതയന്ത്രങ്ങൾ.

സംഗീതയന്ത്രങ്ങളുടെ വൈവിധ്യം, സമഗ്രത എന്നിവയെ സംബന്ധിച്ചിടത്തോളം ഭാരതഖണ്ഡം ലോകത്തിൽവച്ച് പ്രഥമസ്ഥാനം വഹിക്കുന്നുവെന്ന് നിസ്സംശയം പറയാവുന്നതാണ്. ലോകത്തിന്റെ ഇതരദേശങ്ങളിലുണ്ടായിട്ടുള്ള ചില സംഗീതയന്ത്രങ്ങളുടേയും മാതൃസ്ഥാനം അവ വഹിക്കുന്നുമുണ്ട്. നമ്മുടെ വാദ്യങ്ങളിൽ ഏററവും പ്രാചീനവും ഭാരതീയസംഗീതത്തിന് എത്രയും യോജിച്ചതും 'വീണ' എന്ന കമ്പിവാദ്യമത്രേ. ഉത്തരേന്ത്യയിൽ ഇതിനെ 'ബീൻ' എന്നു പറഞ്ഞുവരുന്നു. തഞ്ചാവൂർ, മൈസൂർ എന്നീ സ്ഥലങ്ങളാണ് വീണാനിർമ്മാണത്തിൽ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതു്. തിരുവിതാംകൂർ വീണയും ആന്ധ്രദേശവീണയും ഈയിടെ ധാരാളമായി പ്രചരിച്ചുവരുന്നുണ്ട്. വീണയിൽ ഏഴു കമ്പികളുണ്ട്. ദണ്ഡത്തിന്റെ മേൽഭാഗത്തുള്ള നാലു കമ്പികൾ വായിക്കുന്നതിനും ഒരു വശത്തുള്ള മൂന്നു കമ്പികൾ താളമിടുന്നതിനും ഉപയോഗിക്കുന്നു. മേൽഭാഗത്തുള്ള നാലു കമ്പികളിൽ ഒന്നാമത്തേതായ <u>സാരണി</u> മധ്യസ്ഥായിഷഡ്ജവും, രണ്ടാമത്തേതായ <u>പഞ്ചമം</u> മധ്യസ്ഥായി പഞ്ചമവും മൂന്നാമത്തേതായ <u>മന്ദ്രം</u> മന്ദ്രസ്ഥായിഷഡ്ജവും, നാലാമത്തേതായ <u>അനുമന്ദ്രം</u> അനുമന്ദ്രസ്ഥായി പഞ്ചമവുമാണ്. താളക്കമ്പികളിൽ ഒന്നാമത്തേതു് <u>പക്കസാരണിയും</u> രണ്ടാമത്തേതു് <u>പക്കപഞ്ചമവും</u> മൂന്നാമത്തേതു് <u>താരസാരണിയുമാകുന്നു.</u> ഇവ അനുക്രമമായി മധ്യമസ്ഥായി ഷഡ്ജം, മധ്യമസ്ഥായി പഞ്ചമം, താരസ്ഥായിഷഡ്ജം എന്നിവയത്രേ. ഓരോ കമ്പിയിലും ഉള്ള 24 ഖണ്ഡങ്ങളിലായി 24 നാദങ്ങൾ കേൾക്കുന്നതാണ്. നമ്മുടെ സംഗീതഭംഗി വഴിയുംവണ്ണം പ്രകടിപ്പിക്കാവുന്ന ഒരു വാദ്യം ഇതുമാത്രമാണെന്നു തോന്നുന്നു. മനുഷ്യശാരീരത്തോട് ഇത്രത്തോളം ഹൃദയംഗമമായി ചേർന്നിന്നു മനോഹരങ്ങളായ ഗമകങ്ങൾ പുറപ്പെടുവിക്കാൻ മററുള്ള

യന്ത്രങ്ങൾക്കു സാധിക്കുന്നില്ല. എന്നാൽ ഇതു് അഭ്യസിക്കുക അത്ര എളുപ്പമല്ല ഗുരുമുഖത്തിൽനിന്നല്ലാതെ വീണ അഭ്യസിക്കാനും സാദ്ധ്യമല്ല. ഈ വാദ്യവിശേഷത്തിനു് ധാരാളമായ പ്രചാരം ഉണ്ടായാൽമാത്രമേ ഭാരതീയസംഗീതത്തിൻെറ മാഹാത്മ്യം അതിൻെറ പരിശുദ്ധനിലയിൽ നിലനില്ക്കുകയുള്ളു. നമ്മുടെ വിദ്യാലയങ്ങളിൽ (പെൺപള്ളിക്കൂടങ്ങളിലെങ്കിലും) വീണാഭ്യസനം ഒരു നിർബന്ധവിഷയമാക്കണമെന്നുള്ള എൻെറ ആഗ്രഹംകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. നല്ല വീണകൾ നിർമ്മിച്ചു് ലഘുവായ വിലയ്ക്കു വില്ക്കുന്നതും അതിൻെറ പ്രചാരത്തെ ഏറെക്കുറെ സഹായിക്കുന്നതാണു്.

ഉത്തരേന്ത്യയിൽ സർവ്വസാധാരണമായി കാണുന്നതു് 'സിററാർ' എന്ന വാദ്യമാണു്. ഇതു് സാമാന്യം എളുപ്പത്തിൽ അഭ്യസിക്കാവുന്നതും വീണയെപ്പോലെ മനോഹരവുമാണത്രേ. ഇതു് പെഴ്സ്യാരാജ്യത്തിൽ ഉത്ഭവിച്ചു് 1480-ാമാണ്ടിടയ്ക്കു ഇന്ത്യയിൽ പ്രചരിച്ചുതുടങ്ങിയെന്നും കാണുന്നു. "സിററാ"റിനെക്കാൾ ചെറുതും ഏകദേശം രണ്ടടി നീളമുള്ളതുമാണു് സാരംഗി. ഇതിനു് നാലു കമ്പികളുണ്ടു്. വടക്കെ ഇന്ത്യയിൽ ധാരാളം പ്രചാരമുള്ള ഈ വാദ്യം പല രൂപങ്ങളിൽനിർമ്മിച്ചുവരുന്നു. ഇതിനെ മാതൃകയാക്കി പാശ്ചാത്യർ ഫിഡിൽ നിർമ്മിച്ചുവെന്നു ചിലരും നേരെ മറിച്ചാണെന്നു് മററുചിലരും പറഞ്ഞുവരുന്നു. ഉത്തരേന്ത്യയിലെ സംഗീതത്തെ സംബന്ധിച്ചിടത്തോളം ഇതു് പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ഒരു വാദ്യവിശേഷമാണു്.

വീണയെപ്പോലെ പ്രാചീനവും ഏകദേശം അതിനോടു് രൂപസാമ്യം വഹിക്കുന്നതുമായ "തംബുരു" ഇടക്കാലത്തുണ്ടായ നിദ്രകഴിഞ്ഞു ഉണർന്നുതുടങ്ങിയിരിക്കുന്ന കാലമാണല്ലോ ഇതു്. ഇതിൽ നാലു കമ്പികളുണ്ടു്. ശ്രുതിയ്ക്കു് ഉപയോഗിക്കുന്ന വാദ്യങ്ങളിൽ ഇത്ര സമഗ്രമായി മറെറാന്നുംതന്നെ ഇല്ല. മനുഷ്യശാരീരത്തോടു ഇതിനു് അഭേദ്യമായ ബന്ധവും കാണുന്നു. തഞ്ചാവൂർ ദേശത്തിലാണു് ഈ വാദ്യം ധാരാളമായും നല്ല രീതിയിലും നിർമ്മിച്ചുവരുന്നതു്. അഞ്ചു കമ്പിയുള്ളതും "ബ്രഹ്മവീണ" എന്നു വിളിക്കുന്നതുമായ മറെറാരുതരം "തംബുരു"വും ഉണ്ടു്. ഇവ ശ്രുതിയ്ക്കു മാത്രമാണു് സാധാരണ ഉപയോഗിച്ചുവരുന്നതു്. ഈ വാദ്യത്തെ പരിഷ്കരിച്ചു് 'ഗോട്ടുവാദ്യം' (കൊട്ടുവാദ്യം?) ആക്കി പിൽക്കാലത്തു് ഉപയോഗിക്കപ്പെട്ടു. ഇതിൻെറ പ്രണേതാവു് തഞ്ചാവൂരിനടുത്തു് "തിരുവിടമരുതൂർ" എന്ന സ്ഥലത്തു് ജാതനായ സഖാരാമറാവു

വിൻെറ പിതാവത്രേ. സഖാരാമറാവു, നാരായണയ്യങ്കാർ തുടങ്ങി പലരും ഗോട്ടുവാദ്യത്തിൽ നല്ല പ്രാവീണ്യം സമ്പാദിക്കുകയും ചെയ്തു. ഗമകങ്ങളുടെ സ്വാഭാവികതയിൽ ഈ വാദ്യം മററു പലതിനെയും അതിശയിക്കുന്നു.

പാശ്ചാത്യദേശങ്ങളിൽനിന്നും ഭാരതത്തിൽ അടുത്ത കാലത്തു വന്നുചേന്നൊരു കമ്പിവാദ്യമത്രേ "ഫിഡിൽ." ഇതിൻെറ പ്രചാരത്തിൽ വടിവേലു തുടങ്ങിയുള്ള പ്രസിദ്ധഗായകന്മാർ വളരെ സഹായിച്ചിട്ടുണ്ട്. എന്നാൽ ത്യാഗരാജൻ ഇതിനെ സ്മരിക്കുന്നില്ല. ഈ വാദ്യത്തിന് മദ്ധ്യസ്ഥായി പഞ്ചമം, മദ്ധ്യസ്ഥായിഷഡ്ജം (സാരണി), മന്ദ്രസ്ഥായി പഞ്ചമം (തക്കപഞ്ചമം ), മന്ദ്രം (മന്ദ്രസ്ഥായി ഷഡ്ജം) എന്നിങ്ങനെ നാലു കമ്പികളുണ്ട്. ഫിഡിൽ സ്വരസ്ഥാനങ്ങൾ നിണ്ണയിച്ച് അട യാളപ്പെടുത്തീട്ടില്ല. അതിനാൽ ഇതു് അഭ്യസിക്കുന്നതു് ക്ലേശസാദ്ധ്യ മാണ്. എങ്കിലും ചിരകാലപരിശ്രമം മൂലം ഇതിനെ എത്രയും രസ കരമായ ഒരു ഉപകരണമാക്കാമെന്നു പല മഹാന്മാരും തെളിയിച്ചിട്ടു ണ്ടല്ലോ. ചൌഡയ്യാ, രാജമാണിക്കം പിള്ള തുടങ്ങിയുള്ളവർ തദ്വിഷ യത്തിൽ പ്രമുഖന്മാരാണ്.

കിന്നരി, ഢക്ക, എന്നുതുടങ്ങി പല വാദ്യങ്ങളും നടപ്പിലിരു ന്നതായി കാണുന്നു. 'ചെന്ന' എന്ന വാദ്യം ശിവൻെറ പിനാകത്തെ സ്മരിപ്പിക്കുന്നു. ഇതിനെ ഫിഡിലിൻെറ ഒരു പൂർവ്വരൂപമായി കരുതാ വുന്നതാണ്.

കാത്യായനമഹഷിയാൽ നിമ്മിക്കപ്പെട്ടതെന്നു വിശ്വസിച്ചു വരുന്ന 'സ്വരമണ്ഡലം' എന്ന വാദ്യവിശേഷം എത്രയും ശ്രദ്ധേയമായ ഒന്നത്രേ. ശതതന്ത്രിവീണ, മത്തകോകിലവീണ എന്നും ഇതിന് പേരു കളുണ്ട്. ഈ വാദ്യത്തിൻെറ ഒരു രൂപഭേദം മാത്രമാണ് പാശ്ചാത്യ രുടെ 'പിയാനോ' എന്ന് അവർതന്നെ സമ്മതിക്കേണ്ടതാണ്.

തെക്കൻ തിരുവിതാംകൂറിൽ പുരാതനകാലം മുതൽ വില്ലടി ച്ചാൻപാട്ടിന് ഉപയോഗിച്ചുവന്നിരുന്ന 'വില്ല്' കമ്പിവാദ്യങ്ങളിൽ പ്രാധാന്യം അഹിക്കുന്നു. സാമാന്യം നീളംകൂടിയ ഒരു വില്ലിൻെറ ഞാ ണിൽ ചെറിയ കമ്പികൾകൊണ്ടടിച്ചാണ് ശബ്ദം പുറപ്പെടുവിക്കുന്ന തു്. പലമാതിരി കമ്പിവാദ്യങ്ങൾ മുൻപു നടപ്പുണ്ടായിരുന്നവ കൽക്ക ത്തയിലെ കാഴ്ചബംഗ്ലാവിൽ ഇരിപ്പുണ്ട്. തമിഴരുടെ സ്വന്തമായ 'യാഴ്' എന്ന വീണ-അനവധി കമ്പികളോടു കൂടിയതു്-ഉദ്ധരിക്കാൻ

അടുത്തകാലത്തു് ചിലർ ശ്രമംചെയ്യുകാണുന്നതു് എത്രയും അഭിനന്ദനീയമാണു്.

സുഷിരവാദ്യങ്ങളുടെയും ഉല്പത്തിസ്ഥാനം ഭാരതം തന്നെയായിരിക്കണം. ഇവയിൽ ഏററവും പ്രാചീനമായുള്ളതു് 'വേണു' (മുരളി) ആയിരിക്കണം. ഇതിൻെറ ഉല്പത്തിയെപ്പററി ചിന്തിക്കുന്നതുതന്നെ രസാവഹമാണു്. വനത്തിലുള്ള മുളംകൂട്ടങ്ങളിൽ കീടനിർമ്മിതമായ ദ്വാരങ്ങളിൽക്കൂടി പ്രകൃത്യാതന്നെ ചില നാദവിശേഷങ്ങൾ പുറപ്പെട്ടിരിക്കാം. ബുദ്ധിമാനായ മനുഷ്യൻ ഇതുകണ്ടു പകർത്തിയതിൻെറ ഫലമായിരിക്കാം മുരളി. രാഗസുധാലഹരിയിൽ നമ്മെ നിമഗ്നരാക്കുന്നതിന് ഇതുപോലെ ഉതകുന്ന മറെറാരുവാദ്യമില്ലെന്നുവേണം പറവാൻ. ശംഖം, ശൃംഗം, നാഗസ്വരം മുതലായവയും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. കഥകളിയിൽ പുറപ്പാടിനും ക്ഷേത്രങ്ങളിൽ പ്രദോഷസമയത്തും മററും പ്രയോഗിക്കുന്ന ശംഖം വിഷ്ണുവിൻെറ കരകമലത്തിന് അലങ്കാരവുമാണല്ലോ. ഘോഷയാത്രയുടെ പ്രതാപത്തെ ഉൽഘോഷിക്കുന്നതിന് ശൃംഗം (കുഴൽ) പോലെ ഉപകരിക്കുന്ന മറെറാരു വാദ്യമില്ല! സരസഗംഭീരമായ ചെണ്ടമേളത്തിൻെറ സ്വാരസ്യം 'കുഴൽവിളി'യത്രേ സവ്വോൽകർഷേണ പരിപുഷ്ടമാക്കുന്നതു്. 'നാഗസ്വരത്തിൻെറ കഥ പ്രത്യേകിച്ചു വിവരിക്കേണ്ട ആവശ്യമില്ല. അതിന് എന്നും നവയൌവനംതന്നെയെന്നു പറയാം.

കുറെക്കാലത്തിനു മുൻപ് ഇന്ത്യയിൽ നിർമ്മിക്കപ്പെട്ട 'ഹാർമോണിയ'ത്തെ തീരെ വിസ്മരിക്കുന്നതു ശരിയല്ലല്ലോ. സംഗീതത്തിൻെറ പുരോഗതിയെ ഇതു് അല്പമായി സഹായിച്ചിട്ടുണ്ടെങ്കിലും അതിൻെറ ഗമകത്വന്നം, ലയം മുതലായവ നശിപ്പിച്ചു് രാഗാദികളെ കേവലം അസ്ഥിമാത്രങ്ങളാക്കുന്നതിനും അതിനു സാധിച്ചു. എന്തായാലും ഹാർമോണിയംകൊണ്ടു നമ്മുടെ സംഗീതത്തിനുണ്ടാകാവുന്ന ആപത്തു കണ്ടറിഞ്ഞു് ഗായകപണ്ഡിതന്മാർ അതിനെ പ്രക്ഷേപണകേന്ദ്രങ്ങളിൽ നിന്നും നിശ്ശേഷം നിഷ്കാസനംചെയ്തുകഴിഞ്ഞു. അതു് ഇന്നും നാടകശാലകളിലും നാട്ടിൻപുറങ്ങളിലും സൈ്വരവിഹാരം ചെയ്യുന്നുണ്ട്. 'ബുൾബുൾതാറാ' എന്ന ക്ഷുദ്രവാദ്യത്തിലും സംഗീതം ദശിക്കുന്ന കൂട്ടരുണ്ടോ 'ഹാർമോണിയം കൈവെടിയുന്നു!!

ഇനി താളവാദ്യങ്ങളെപ്പററിയാണു് ചിന്തിക്കാനുള്ളതു്. ഇവയും ഏകദേശം 200-ൽപരം കൽക്കട്ടാ "മ്യൂസിയ"ത്തിൽ കാണാം.

ചെണ്ട, ഡമരു്, നഗരാ, ഇടയ്ക്ക, മൃദംഗം, ഘടം, തബല, ഗഞ്ജിരാ, ജാലർ തുടങ്ങിയുള്ളവ ഇവയിൽ പ്രധാനമാണു്. താളവാദ്യങ്ങളിൽ സർവ്വഥാ പ്രാധാന്യം അർഹിക്കുന്നതു് മൃദംഗമാണു്. മുൻകാലത്തു് ഇതു് മണ്ണുകൊണ്ടു നിർമ്മിച്ചിരുന്നിരിക്കാം. അടുത്തകാലത്തു് തടികൊണ്ടുള്ള മൃദംഗങ്ങളാണു് കണ്ടുവരുന്നതു്. 'സോഗസുഗമൃദംഗതാളമു' എന്ന ഗാനത്തിൽ ത്യാഗരാജൻ മൃദംഗത്തെ സ്മരിക്കുന്നുണ്ടു്. താളവാദ്യങ്ങളിൽ ഇതു് ഏററവും സമഗ്രവും ശുദ്ധവുമാണെന്നുള്ളതു് സർവ്വസമ്മതമാണു്. വളരെക്കാലമായി ക്ഷേത്രങ്ങളിൽ മാത്രം സ്ഥലംപിടിച്ചിരുന്ന 'ഇടയ്ക്ക' ഇടക്കാലത്തു് പല സംഗീതസദസ്സുകൾക്കും ചമൽക്കാരം നൽകിവരുന്നുണ്ടു്. കഥകളിയിൽ തൌര്യത്രികത്തിനു് എത്രയും സഹായമായ ചെണ്ട അനഭ്യസ്തർ പ്രയോഗിച്ചു വഷളാക്കുന്നതും, പരിഷ്കാരഭ്രമക്കാർ തീരെ ഉപേക്ഷിക്കുന്നതും കഷ്ടമാണെന്നു് ഓർക്കേണ്ടതാണു്. ഓരോ താളവാദ്യത്തെയും പററി സൂക്ഷ്മമായ പര്യവേക്ഷണം നടത്തി അവ വഴിയാംവണ്ണം അഭ്യസിച്ചു് പ്രയോഗിക്കയാണെങ്കിൽ തത്തൽപ്രണേതാക്കളോടു് നമ്മുടെ കർത്തവ്യം നിറവേററിയെന്നു സമാധാനപ്പെടാം. തദ്വിഷയത്തിൽ നാം ചെയ്യേണ്ടതൊന്നുമാത്രം: ഏതെങ്കിലും ഒരു വാദ്യം പ്രയോഗിക്കപ്പെടുമ്പോൾ അതിൻെറ ഗുണദോഷങ്ങളെപ്പററി നിഷ്പക്ഷനിലയിൽ ചർച്ചചെയ്യുക. അതിൽ സമർത്ഥന്മാർക്കു് വേണ്ടപ്രോത്സാഹനം നൽകുക. ഇങ്ങനെ സംഗീതരംഗത്തിൽ ഭാരതീയരുടെ പൂർവ്വസംസ്കാരത്തിൻെറ മാഹാത്മ്യം ലോകത്തെ ഗ്രഹിപ്പിക്കാൻ നമുക്കു സാധിക്കുന്നതാണു്.

കെ. എൻ. ഗോപാലപിള്ള എം. എ.

## പുഷ്പഗീതി.

(കാകളി)

ചാരുമധുശ്രീ സമാലിംഗനത്തിനാൽ
ഭൂരുഹത്തിൻെറ രോമാഞ്ചം കണക്കിനേ
ഉല്ലസിച്ചീടുന്ന പുഷ്പത്തോടേകദാ
ചൊല്ലിനാൻ കൌതുകംപൂണ്ടു മധുവ്രതം:–
"ആരു നീ? എങ്ങു നിന്നെത്തി? നിന്മെയ്യിതി–
ലാരുപുരട്ടിയിസ്സൌന്ദര്യധാരയേ?"
മന്ദസ്മിതോല്ലാസിയാകും പ്രസൂനമ–
ങ്ങൊന്നു തലയാട്ടിയുത്തരമോതിനാൻ:–

"ഉന്നതനിത്തരുരാജൻെറ ഹൃത്തിലെ-
സ്സൗന്ദര്യ്യദീപ്തിതൻ ബിന്ദുവാണോക്ക ഞാൻ;
മേദിനിയക്കാതപത്തിലുരുകവേ,
ഖേദപരീതമായ് വിശ്വാമുഴലവേ,
ഒട്ടവക്കാശ്വാസമേകവാനിദ്ദുമം
കാട്ടുന്നു നൈജമാം സൌന്ദര്യ്യബിന്ദുതാൻ.
സ്വീയസൌന്ദര്യ്യോദയത്തിന്നുഷസ്സന്ധ്യ-
യായിരുന്നു മുമ്പു കണ്ടതാം ചെന്തളിർ!!
തൂമകരന്ദമാധുര്യ്യാദിപൂർണ്ണമാ-
ണാമഹാസൌന്ദര്യ്യബിന്ദുവോരോന്നുമേ!
തൻതലയിങ്കലായ് വെയ്ലേററു, മത്ത്യനു
പൂന്തണലേകിക്കൃതാത്ഥനായ് മിന്നിടും.
ഉന്നതനാമിത്തരുവിൻെറ യുദ്ധത്തടം
സൌന്ദര്യ്യപീയൂഷരത്നാകരം സഖേ!
ആനന്ദമാക്കം പകന്നുകൊടുത്തിടും
ഞാനതിൻനിസ്സാരബുൽബുദംമാത്രമാം.
വ്യോമനി മിന്നുന്ന രാത്രിയിൽ സ്വാച്ഛീയ-
മാമഹാ സൗന്ദര്യ്യസാരബിന്ദുവ്രജം.
ഹാ! മധുരാന്തരസൗന്ദര്യ്യമായ ഞാൻ
ഭൂമിയേ മുക്കുന്നു നൂതനദീപ്തിയിൽ!
എങ്കിലും യുഷ്മാദൃശരാം രസജ്ഞരാ-
ണെന്നിലേ മാധുര്യ്യമാസ്വാദിച്ചീടുവോർ!
സ്ഫാരസൗന്ദര്യ്യമാലോകവും, മാരന്ദ-
ധാര ഭവാദൃശന്മാരും സ്വാദിക്കവേ
ജീവിതം ഹന്ത! 'സഫലമായ് തീന്നുഞാൻ
ഭൂവിലുപേക്ഷിപ്പു നിസ്സാരമെൻതനു!!"

സാഹിത്യശിരോമണി, പി. കെ. ഗോവിന്ദപിള്ള ശാസ്ത്രി.

---

സാഹിത്യം.

## അലങ്കാരവിചാരം.

### II

ഇവിടെ ചെയ്ത വിമശ്നത്തിൽനിന്നു ലോകത്തിൽ അലങ്കാരത്തിനു കല്പിതമായിരിക്കുന്ന സ്ഥാനം പ്രധാനവും സവ്വാദൃതവും ആയ ഒന്നാണെന്നു വിശദമാകും. കാലഗതികൊണ്ടു് അതിൻെറ ഈ നിലയ്ക്കു ഉയച്ച്യല്ലാതെ താഴ്ച സംഭവിക്കുമെന്നു വിചാരിക്കുവാൻ ന്യായമില്ല. സൌന്ദര്യ്യാരാധനയ്ക്കുള്ള കൌതുകം, ഗുണമോ ദോഷമോ ഏതായാലും ശരി, ജനങ്ങൾക്കു ജന്മസിദ്ധമാകുന്നു. അതിനു ഏതു ക്ഷാമ

PRESENTED BY: SRI M. K. VASUDEVAN N... MANIYARA VEEDU MALAYINKIL
SREE KRISHNA ... GRANDHASALA ...

കാലത്തും വളച്ച്യയല്ലാതെ തളച്ച് തട്ടുകയില്ലെന്നാണു അനുഭവം. അപ്പോഠം അതിനെ താങ്ങി പരിപാലിച്ചുപോരുന്ന അലങ്കാരത്തിനും തദനുസരണമായ ഒരു സ്ഥിതി ഉണ്ടാകാതെ തരമില്ലല്ലോ

ലോകത്തിൽ സിദ്ധമായിരിക്കുന്ന പ്രാധാന്യം അലങ്കാരത്തിനു സാഹിത്യത്തിലും ഉണ്ട്. ഇവിടെ ലൌകികമായ അലങ്കാരത്തെപ്പററി പറഞ്ഞ കാൎയ്യങ്ങഠം കാവ്യത്തിലെ അലങ്കാരത്തിനും പൂൎണ്ണമായി യോജിക്കും. സാഹിത്യലോകം മുഴുവനും പരിശോധിച്ചാലും നിരലങ്കാര കൌതുകനായ ഒരു കവിയെ കണ്ടുകിട്ടുവാൻ പ്രയാസം; അലങ്കാരശൂന്യങ്ങളായ കാവ്യങ്ങളിൽ പ്രീതിതോന്നുന്ന സഹൃദയന്മാരെ കാണുന്നതിനും ക്ലേശമുണ്ടെന്നു പറയണം. നിൎദ്ധനന്മാരായ ജനങ്ങഠം ഇരവല്പ വാങ്ങി ഉപയോഗിച്ചു ശരീരത്തിനു മോടിവരുത്താറുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. ഈ സംഗതി കവികഠംക്കും ബാധകമാകുന്നു. അവിദഗ്ദ്ധന്മാരായ കവികഠം ഇതരകൃതികളിൽനിന്നു അലങ്കാരങ്ങഠം ഗ്രഹിച്ചു പ്രയോഗിച്ചു കാവ്യങ്ങഠംക്കു മേന്മവരുത്തുന്നു എന്നതു സാഹിത്യത്തിൽ ധാരാളമായി കാണുവാൻ കഴിയുന്ന ഒരു കാൎയ്യമാണ്. കവികഠംക്കു അലങ്കാരപരമായി കാണുന്ന പ്രീതി പൂൎവ്വകാലം മുതല്ക്കു നിലനിന്നു വരുന്ന ഒന്നത്രേ.

പ്രാമാണികന്മാരായ ആചാൎയ്യന്മാർ അലങ്കാരത്തിനു സാഹിത്യത്തിൽ പ്രധാനസ്ഥാനം അനുവദിച്ചുകൊടുത്തിരിക്കുന്നവരാകുന്നു. 'അദോഷൌ സഗുണൌ സാലങ്കാരൌ ശബ്ദാൎത്ഥൌ കാവ്യം' എന്ന കാവ്യപ്രകാശസൂത്രം പ്രകൃതത്തിൽ സ്മരണയിൽ വരുന്നു. ശബ്ദവും അൎത്ഥവും കേവലം നിൎദ്ദോഷവും സഗുണവും ആയിരുന്നാൽ പോരാ; സാലങ്കാരംകൂടി ആയിരിക്കണം; എങ്കിൽ മാത്രമേ അവയ്ക്കു കാവ്യത്വം സിദ്ധിക്കുകയുള്ളൂ; മമ്മടാചാൎയ്യന്റെ ഈ അഭിപ്രായം വ്യക്തമായോ അവ്യക്തമായോ സമ്മതിച്ചു ആദരിച്ചിരിക്കുന്നവരാണു ശാസ്ത്രകാരന്മാർ മിക്കപേരും. സാഹിത്യത്തിൽ അലങ്കാരത്തിനു ഏതാദൃശമായ പ്രാധാന്യം സിദ്ധമായതുകൊണ്ടു ശാസ്ത്രമാൎഗ്ഗത്തിൽ അതിനു പ്രത്യേകം ഒരു ശാഖയുണ്ടാകുന്നതിനും അതു വളൎന്നു അഭിവൃദ്ധിയുടേയും പരിഷ്കാരത്തിന്റെയും പരമകാഷ്ഠയെ പ്രാപിക്കുന്നതിനും ഇടയായി. പ്രാചീനങ്ങളും നവീനങ്ങളും പ്രസിദ്ധങ്ങളും അപ്രസിദ്ധങ്ങളും ആയി സംസ്കൃതത്തിൽ ഉണ്ടായിരിക്കുന്ന അലങ്കാരഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാനങ്ങളും ഈ അഭിപ്രായത്തിനു ലക്ഷ്യങ്ങളാകുന്നു. അവയിൽ, കാവ്യപ്രകാശം, വാമനാലങ്കാരസൂത്രം, രസഗംഗാധരം, കാവ്യപ്രദീപം,

കാവ്യദപ്പണം, പ്രതാപരുദ്രീയം, കുവലയാനന്ദം കാവ്യാദശം, ഭാമഹാല ങ്കാരം, അ ലങ്കാരസവ്വസ്വം, ധ്വന്യാലോകം, ലോചനം, അഞ്ജനം, സര സ്വതീകണ്ഠാഭരണം ചന്ദ്രാലോകം മുതലായവ പ്രസിദ്ധങ്ങളായ ചില ശാസ്ത്രങ്ങൾ മാത്രമാകുന്നു. പൂവ്വന്മാരായ ഭാരതീയാചാൎയ്യന്മാർ അല ങ്കാരപരമായി ചെയ്തിരിക്കുന്ന വിമശനം എത്രയും സവ്വതോമുഖവും ഗഹനവും സുപരിഷ്കൃതവും അഭിവൃദ്ധവും ആയിട്ടുണ്ടെന്നു ഇവിടെ സ്മരി ച്ച ഗ്രന്ഥങ്ങളിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും. സംസ്കൃത സാഹിത്യത്തിനെന്നപോലെ ശാസ്ത്രീയവും പൂണ്ണവും ആയ ഒരു അടി സ്ഥാനം ലോകത്തിലെ മറേറതെങ്കിലും ഒരു ഭാഷയ്ക്കു ഉണ്ടോ എന്നു സംശയമാണ്. മിക്കവാറും ഇല്ലെന്നു തീച്ച്പറയാമെന്നു തോന്നുന്നു. അതിനു കൈവന്നിരിക്കുന്ന ഈ മാഹാത്മ്യത്തിന്റെ ഭൂരിഭാഗവും അതി ലെ അലങ്കാരശാസ്ത്രശാഖയുടെ അഭിവൃദ്ധിയോടു കടപ്പെട്ടിരിക്കുന്നു. ഇതാണു അലങ്കാരത്തിനു സാഹിത്യത്തോടു സിദ്ധമായിരിക്കുന്ന ബന്ധ ത്തിന്റെ സ്വഭാവം.

കാവ്യത്തിനു പരമങ്ങളായ ചില ഉദ്ദേശ്യങ്ങൾ ഉണ്ട്. അവ സാധിക്കണമെങ്കിൽ ആദ്യമായി കാവ്യം സഹൃദയന്മാരുടെ ആഭി മുഖ്യം സമ്പാദിക്കണം. സുന്ദരമായ ഒരു പ്രബന്ധത്തോടുമാത്രമേ കാ വ്യരസികന്മാൎക്ക് അഭിരുചി സംഭവിക്കുകയുള്ളു. ശുഷ്കമായ ഒരു അ ൎത്ഥം ഹൃദയംഗമമായ ശബ്ദത്തിന്റെയോ ആശയത്തിന്റെയോ നിവേ ശനംകൊണ്ടു സഹൃദയശ്ലാഘ്യമായിത്തീരുന്നു. അതുപോലെ അലങ്കാ രംകൊണ്ടു രുചിരമായ ഒരു കാവ്യത്തിൽനിന്നു തദംശം നീക്കുന്നതാ യാൽ അതു വിരസമാകും.

സാഹിത്യത്തിലെ അലങ്കാരത്തിനു ബീജം ലോകവ്യവഹാരം തന്നെയാകുന്നു. അങ്ങിനെയല്ലാതെ സംഭവിക്കാവുന്നതല്ല. ആഭരണ ങ്ങൾ ഉപയോഗിച്ചു ശരീരകാന്തി വൎദ്ധിപ്പിക്കുന്നതിനുണ്ടായ ആഗ്രഹ വും കൌതുകവും വ്യവഹാരത്തിനു കൈക്കൊള്ളുന്ന ഭാഷയിലേക്കും സം ക്രമിക്കുവാൻ ഇടയായി; അതായതു ഒരു അന്തൎഗ്ഗതത്തെ വാക്കുകൊണ്ടു കേവലം നഗ്നമായി പ്രകാശിപ്പിച്ചാൽ പോരാ, ശ്രോതാവിനു രസകര മായവിധം ഭംഗിയായി പ്രതിപാദിക്കണം എന്ന ആഗ്രഹമുണ്ടായി എന്നു സാരം. അപ്പോൾ വാക്കിനു മോടിവരുത്തുന്നതിനുവേണ്ട മാൎഗ്ഗ ങ്ങളെപ്പററി ചിന്തതുടങ്ങി, അതു ഭാഷയിൽ അലങ്കാരച്ഛായാവഹങ്ങ ളായ കല്പനാഭേദങ്ങളുടെ സൃഷ്ടിക്കു ഹേതുവായിത്തീൎന്നു.

പഴഞ്ചൊല്ല ന്യായം എന്നീ പേരുകളിൽ അറിയപ്പെടുന്ന ലോകോക്തികാം സവ്വഭാഷകളിലും ഉണ്ട്. അലങ്കാരപ്രയോഗംകൊണ്ടു വ്യവഹാരത്തിനു ഭംഗിവരുത്തുന്നതിനുള്ള പരിശ്രമത്തിൻെറ ബാല്യദശയിൽ അവ ഉണ്ടായതായി വിചാരിക്കണം. അവയിൽ ഓരോന്നിലും രസപ്രദമായ എന്തെങ്കിലും ഒരു അലങ്കാരത്തിൻെറ കല്പനം കാണാം. അങ്ങനെയല്ലാത്തവ വളരെ ചുരുക്കം; ശബ്ദത്തിനും അത്ഥത്തിനും സാരസ്യം തികഞ്ഞ പല ലോകോക്തികളും മലയാളഭാഷയിൽ നടപ്പുണ്ട്. അവ സരസവും വിശദവും അക്ലേശവുമായി വിവക്ഷിതമായ ആശയത്തെ പ്രകാശിപ്പിക്കുന്നതിനു സാഹായ്യത്തെ ചെയ്യുന്നു. അവയെ വ്യവഹാരഭാഷയുടെ 'പൊടിപ്പും തൊങ്ങലും' എന്നു പറയുന്നതായാൽ പിശകു പററുന്നതല്ല. അവയുടെ നിവേശനംകൊണ്ടു ഭാഷയ്ക്കു അത്യു പ്രയോജനവും ഭംഗിയും സിദ്ധിക്കുന്നു.

ലോകോക്തികാം ഭാഷയിൽ വ്യവഹാരത്തിൻെറ ആദിദശയിൽ ഉണ്ടായി എന്നു വിചാരിക്കണം. അപ്പോാം ശരീരത്തിൽ എന്നപോലെ വാക്കിലും സൌന്ദയ്യത്തെ നിവേശിപ്പിക്കുന്നതിനുള്ള കൌതുകം ജനങ്ങാംക്കു ആദികാലംമുതൽ നിലനിന്നുവരുന്ന ഒരു സ്വഭാവമാകുന്നു എന്നു വെളിപ്പെടും. ഇപ്രകാരം ലോകോക്തിരൂപേണയും മററും വ്യവഹാരഭാഷയിൽ അങ്കുരിച്ച് അവ്യക്തവും അസംസ്കൃതവും അസമഗ്രവും ആയി സ്ഥിതിചെയ്യുന്ന അലങ്കാരബീജങ്ങാം ആണു കാലക്രമേണ പോഷിച്ചു വ്യക്തവും വിശുദ്ധവും പൂണ്ണവുമായി വന്നു സാഹിത്യാലങ്കാരമായി പരിണമിച്ചിരിക്കുന്നത്. ഈ അഭിപ്രായം അല്പം കൂടി വിശദമാക്കാം.

(തുടരും.)

വടക്കുംകൂർ രാജരാജവമ്മരാജാ.

## ഈശ്വരമാഗ്ഗത്തിൽ

മത്ത്യനിൽ ജീവചൈതന്യമപ്പിച്ച
നിത്യനും സവ്വശക്തനുമാകിയ
പാരു കാക്കുവോൻ തൻതിരുനാമത്തെ-
യാരുവാനാദരിക്കാതിരുന്നിടും.
ജ്ഞാനവാഴ്പിൻ വെളിച്ചം വഴി കാട്ടി
നൂനമക്കൂരിരുളാണ്ട മാഗ്ഗത്തിൽ.

ജീവനായകാ, ലോകനാഥാ, ഭവാൻ
തൂവെളിച്ചങ്ങളെല്ലാംമൊഴുക്കുന്നു.
രക്ഷതൻ വഴിയൊന്നു കാണിക്കുവാൻ
വിസ്മയദയവിട്ടിറങ്ങി നീ

ഉജ്വലഗോളജാലം ചമച്ചവൻ
ദിവ്യരാമമൎത്ത്യൎക്കൊരു നായകൻ
നിന്നൊളിത്തെല്ലു വാങ്ങിപ്പുലരുന്നു
മിന്നിടും സൂൎയ്യചന്ദ്രനക്ഷത്രങ്ങൾ.

ഈ മനുഷ്യനജ്ഞാതങ്ങളാണു നിൻ
നാമ,മാകൃതി, വാസഗൃഹമിവ.
ഈശനും ജീവികൾക്കും നടുക്കൊരു
പാവനമാം യവനിക നില്ക്കുന്നു

മൎത്ത്യദൃഷ്ടിക്കു നൽകിയിട്ടുണ്ടു നീ
വിസ്തൃതമായ് കിടക്കുംപരിധിയെ.
വിൺവഴി കാണുവാനുള്ള കെല്ലിനെ
ബുദ്ധിയിൽ നീ നിരസിച്ചതില്ലയോ?

അപ്പെരുമാൾ സ്ഥിരമഹത്വത്തിനാൽ
പൊൽക്കിരീടം ധരിച്ചിരുന്നീടുന്നു.
ആരെയോ നാമനുസരിപ്പൂ സദാ
പാരിനപ്പുറം വാഴ്‌വിതപ്പൂരുഷൻ.

കെല്ലെഴും യുക്തിതൻ സഹായത്തിനാൽ
അസ്വരൂപം ചുഴിഞ്ഞുനോക്കില്ലയോ?
ആരുവാൻ നിജശ്വാസത്തിനാൽ പെരും
പാരിടത്തിൽ വിനിൎമ്മിച്ചു ജീവിയെ.

സൃഷ്ടികൎത്താവു തൻശക്തിവായ്പിനെ.
കഷ്ടമെങ്ങനെയാണവൻ കണ്ടെക.
ദുൎബ്ബലനും പ്രമത്തനുമാകിയ
മൎത്ത്യ! നീ നിന്റെ ധൎമ്മമനുഷ്ഠിക്ക.

കാട്ടുക നീ കൃതജ്ഞത നിച്ചിലും
കാട്ടുക നിത്യജ്ഞാനബഹുമാനം
അപ്പുറമറിഞ്ഞീടുവാനൊന്നു മ-
ന്വേഷണം നീ തുടങ്ങേണ്ട മാനവ

സാഹിത്യശിരോമണി,

കെ നീലകണ്ഠൻ നമ്പീശൻ, വിദ്വാൻ.

---

* ഒരു പാരസീക കവിത.

## സുഹൃല്ലാഭം.

മിത്രസമ്പത്തില്ലാത്തവർ മന്ദഭാഗ്യന്മാരാണ്. സുഹൃല്ലാഭം കൈവരുത്തുവാനത്രേ സകലരുടേയും മോഹം. ലോകത്തെ വെറുക്കുന്നവർ മാത്രമേ മിത്രസമ്പർക്കമില്ലാതെ വെറും ഏകാന്തജീവിതം നയിക്കുവാൻ കാംക്ഷിക്കുന്നുള്ളു. കഴിയുന്നതും കൂടുതൽ ആളുകളുമായി മൈത്രിയിലും രഞ്ജിപ്പിലും കഴിയുവാനാണ് ഓരോരുത്തൻറയും ആഗ്രഹം. ലോകയാത്ര സന്തോഷസന്ദായകമാണെങ്കിൽ ആക്കും സുഹൃത്തുക്കൾ ഉണ്ടാകണം. സ്നേഹിതന്മാരില്ലാത്ത മനുഷ്യൻ വാസ്തവത്തിൽ മനുഷ്യനല്ല. അയാളുടെ ജീവിതം ആനന്ദമയവുമല്ല. ജീവിതയാത്രയിൽ അങ്ങേ അററംവരെ നീണ്ടുനിൽക്കുന്ന മൈത്രീബന്ധങ്ങൾ വളരെ ചുരുക്കം ആളുകളുമാഴേ ഉണ്ടാകുന്നുള്ളു. ഓരോ കാലഘട്ടത്തിൽ അപ്പോഴപ്പോഴത്തെ സ്ഥിതിയനുസരിച്ച് കൂട്ടുകാർ ഉണ്ടാകുന്നു. പക്ഷെ, ആ കൂട്ടുകെട്ടുകൾ എപ്പോഴും അഴിവില്ലാതെ സ്ഥായിയായി നിലകൊള്ളുന്നില്ല. സ്നേഹബന്ധങ്ങൾ കാലാതിപാതത്തിൽ മങ്ങിമയങ്ങുന്നു; പ്രവർത്തനരംഗം മാറുമ്പോൾ കൂട്ടുകൾ പിരിയുന്നു. കുട്ടിക്കാലത്തു് ഒരാൾക്കുണ്ടാകുന്ന കൂട്ടുകാരിൽ എത്രപേർ അതേ രീതിയിൽ തുടരുന്നു? യാത്രയുടെ വിവിധഘട്ടങ്ങളിൽ വന്നും പോയുമിരിക്കും സുഹൃത്തുക്കൾ; സ്നേഹജന്യങ്ങളായ പ്രതീക്ഷകളും പ്രത്യാശകളും തകരുന്നതായി ആക്കും അനുഭവപ്പെടും പുറകോട്ടൊന്നു നോക്കിയാൽ എത്രയെത്ര കൂട്ടുകാർ കാലപാതയിൽ ഒന്നിച്ചു ചോടുവെയ്ക്കുവാൻ കഴിവില്ലാതെ മുക്കിനുമുക്കിന് കിടക്കുന്നതു് നമുക്കു കാണാം ജീവിതപന്ഥാക്കൾ ഭിന്നങ്ങളാകുമ്പോൾ കൂട്ടു പിരിയും; വഴിതിരിഞ്ഞു പോകേണ്ടിവന്നാൽ തമ്മിൽ അകലും. എന്നാൽ ഒരു കാലഘട്ടത്തിലും മിത്രങ്ങൾ ഇല്ലാതെ കഴികയില്ല. അവസരംപോലെ പുതിയകൂട്ടുകാർ ഉണ്ടായിക്കൊണ്ടിരിക്കും; പലപ്പോഴും പേരിൽ മാറി പതിക്കേണ്ടിവരുമെന്നേയുള്ളു.

ഇങ്ങനെ നാം ഓരോ ഘട്ടത്തിൽ ഇടപെടുന്നവരുമായി ഇണങ്ങിക്കഴിയുവാൻ നമ്മളിൽ എത്രപേക്ക് സാധിക്കും? അവക്ക് എപ്പോഴും നമ്മോടു സന്മനോഭാവം ഉണ്ടാകുവാൻ നാം എങ്ങനെ പെരുമാറണം?, ബന്ധം നിലനില്ക്കുന്നിടത്തോളം ശൈഥില്യം വരാതെ ഏതുപ്രകാരത്തിൽ സൂക്ഷിക്കാം? ഈ പ്രശ്നങ്ങൾക്കു ശരിയായ ഉത്തരം ആരും അറിയേണ്ടതാണ്; കഴിയുന്നിടത്തോളം അനുഭവപ്പെടുത്തേണ്ടതു

മാണ്. ലോകരഞ്ജനരഹസ്യങ്ങൾ അറിഞ്ഞു് പെരുമാറുന്നവൎക്കത്രേ ജീവിതവിജയം. അവർ ആരേയും പാട്ടിലാക്കുന്നു: അതുകൊണ്ടു് അവൎക്കു് ഒരു നവശക്തി ലഭിക്കുന്നു. നമ്മുടെ ശീലവും നടവടികളും ലോകരഞ്ജനത്തിന് പ്രവണങ്ങളാക്കുവാനാണ് എല്ലാവരും ഉററു ശ്രമിക്കേണ്ടതു്. നിരന്തരമായ അഭ്യാസംകൊണ്ടുമാത്രമേ ആ പ്രവണത പുഷ്കലമാകയുള്ളു. ഒരുനഗരത്തിലേക്കു പല വഴികളുണ്ടു്; അതുപോലെ ലോകരഹസ്യം നേടുന്നതിന് പല മാൎഗ്ഗങ്ങൾ ഉണ്ടു്.

ഒന്നാമതു്. <u>മററുള്ളവരെ കുററപ്പെടുത്താതിരിക്കുക.</u> തൊട്ടതിനൊക്കെ കുററപ്പെടുത്തുവാൻ മുതിരുന്നവർ മിത്രസമ്പത്തിൽ കുചേലന്മാരായി കഴിയുകയേ ഉള്ളു. കുററവും കുറവുമില്ലാത്ത മനുഷ്യൻ ദുല്ലഭംതന്നെ. അന്യരുടെ പോരായ്മകൾ മനസ്സിലാക്കി അവരോടു സഹതാപപൂൎവ്വം പെരുമാറുന്നതായാൽ അവൎക്കു് നമ്മോടു സന്മനോഭാവം ഉണ്ടാകാതെ വരികയില്ല. കുററപ്പെടുത്തുന്നതു് ആൎക്കും രുചിപ്രദമല്ല. ലോകത്തിലെ കുപ്രസിദ്ധകുററവാളികൾ പോലും അവരുടെ കുററം സമ്മതിക്കുവാൻ തയാറുള്ളവരല്ല. അവനവൻ ചെയ്യുന്നതു് എന്തു നിഷ്ഠുരമായ ദുഷ്കൎമ്മമായാലും അതു് സാധൂകരിക്കാനാണ് എല്ലാവരുടേയും ശ്രമം. ആളുകളെ ആയിരക്കണക്കിന് നിരത്തിനിൎത്തി വെടിവെച്ചുകൊല്ലുവാൻ ആജ്ഞനൽകുന്ന നൃശംസനായ ഹിററ്ലരുണ്ടോ അതു പാതകമായി ഗണിക്കുന്നു? കുററംപറവാൻ തുറികണ്ണും മിഴിച്ചിരിക്കുന്നവരെ ആരും ഇഷ്ടപ്പെടുകയില്ല; കഠിനമായി വെറുക്കുകയും ചെയ്യും. പഴി പറഞ്ഞാൽ പകയുണ്ടാകും: പിഴമൂളാൻ ആളില്ല. കുററംപറകൽ ചെറുക്കുന്നതിന് ചൊടിപ്പിക്കുകയേ ഉള്ളു. കുററംപറഞ്ഞു് ഹൃദയശല്യമുണ്ടാക്കിയാൽ ആളുകൾ അതു് വേഗം മറക്കുകയില്ല: പലപ്പോഴും പ്രതീകാരബുദ്ധിയോടുകൂടി തിരിച്ചടിക്കുവാൻ തക്കംനോക്കികാത്തിരിക്കും. നിശിതനിരൂപണം—അതും വെറും ഖണ്ഡനപരമായാൽ—ശത്രുതയ്ക്കു വളംകൂട്ടുന്നു. ബഞ്ജമിൻഫ്രാങ്ക്ലിൻ ഒരിക്കൽ പറകയുണ്ടായി: 'ഞാൻ ആരേയും ദുഷിച്ചു് സംസാരിക്കയില്ല. എല്ലാവരുടേയും നന്മയെക്കുറിച്ചു് അറിയാവുന്നതെല്ലാം പറയുകയും ചെയ്യും. അതാണ് ആളുകളുമായി ഇണങ്ങിക്കഴിയാനുള്ള ഏക മാൎഗ്ഗം; ലോകരഞ്ജനത്തിനുള്ള രാജപാത.

മററുള്ളവരുടെ നന്മയെ ഉദാരമായി പ്രശംസിക്കുക എന്നതും അതിനുള്ള വേറൊരു വഴിയാണ്. പ്രശംസ ആരുടേയും മനം കുളു

ഷ്പിക്കുന്നു. അന്യരുടെ നല്ല മതിപ്പ് സമ്പാദിക്കുന്നതിന് ഏതൊരു മനുഷ്യനും കാംക്ഷിക്കും. പ്രശംസയ്ക്കുള്ള വിശപ്പ് ഏതു ഹൃദയത്തിലാണ് കുടികൊള്ളാത്തതു്? ഞാൻ എന്ന അഭിമാനം വെടിയുന്നവർ പരമാനന്ദാകാരമാനസന്മാരായ യോഗിമാർ മാത്രം. അന്നവിചാരം പോലെ അവനവൻെറ അന്തസ്സിനെപ്പററിയുള്ള വിചാരവും മുന്നവിചാരം തന്നെ എല്ലാവക്കും. ഓരോരുത്തൻെറ പ്രാധാന്യത്തെക്കുറിച്ചുള്ള ആത്മബോധമത്രേ അവനെ മുന്നോട്ടു പായിക്കുന്നതു്. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്തവരുടെ സുഖസൌകൎയ്യങ്ങൾക്കായി പണം വാരി ദാനംചെയ്യുന്നതിൽ റാക്കഫെല്ലർക്കു പ്രേരകമാകുന്നതു് ഈ ആത്മാഭിമാനമാണ്. സാമ്രാജ്യസംബന്ധമായ വൻകാൎയ്യങ്ങളെ മറന്നിട്ട്, തൻെറ ചെവടികളിൽ ജൂലിയസ്സീസർ കഴിക്കണമെന്ന് ആ ഭൂലോകരംഭ ക്ലിയോപാട്രാ ആഗ്രഹിച്ചതും ആ വിചാരത്തിൻെറ പ്രേരണയാലാണ്. ഇങ്ങനെ ഓരോരുത്തക്കും അവരവരുടെ അന്തസ്സിനേയും പ്രാധാന്യത്തേയും കുറിച്ചുള്ള ബോധമത്രേ അവരുടെ സകലപ്രവൃത്തികളുടേയും അടിസ്ഥാനം. മററുള്ളവരുടെ പ്രശംസ മനംകുളുപ്പിക്കുന്നതു ഈ ആത്മാഭിമാനത്തെ പോഷിപ്പിക്കുന്നതുകൊണ്ടാണ്. അന്യരുടെ ആത്മാഭിമാനത്തെ കശ്മനനിരൂപണംകൊണ്ടു ക്ഷതപ്പെടുത്തരുതു്. പ്രത്യുത. ഉദാരപ്രശംസകൊണ്ട് അതിനെ വിജൃംഭിപ്പിക്കുവാനാണ് നാം എപ്പോഴും ശ്രദ്ധിക്കേണ്ടതു്. അനേകം വേലക്കാരെ നയിക്കേണ്ടിവരുന്ന ആൾ കുററംപറഞ്ഞല്ല, തരാതരംപോലെ അവരുടെ മിടുക്കനുസരിച്ചു് പ്രശംസിച്ചാണ് അവരെ നന്നാക്കുന്നതു്. സന്ദർഭോചിതമായ പ്രശംസ, കുതിരകയറുന്നതിനേക്കാൾ ഫലപ്രദമായിരിക്കും. മനുഷ്യരെല്ലാവരും ചാതകപ്പക്ഷികൾ മഴയെ എന്നോണം പ്രശംസയ്ക്കു കാത്തിരിക്കയാണ്. ആത്മാഭിമാനപോഷകമായ പ്രശംസ ആക്കും ആസ്വാദ്യകരംതന്നെ. എന്നാൽ വെറും മുഖസ്തുതി കള്ളനാണയംപോലെയാണ്. അതു് ചിലവഴികയില്ല. മററാളുകളുടെ ഗുണങ്ങളെ പ്രശംസിക്കുന്നതിൽ ഉദാരത പ്രകാശിപ്പിക്കു; നിമ്മലമായ ആസ്വാദനസന്നദ്ധത, മായം ചേരാത്ത പ്രശംസാകൌശലം നിരവധി ജനങ്ങളുടെ ഹൃദയം കവരും. അന്യരുടെ ഹൃദയപൂൎവ്വമായ സന്മനോഭാവം ആവജ്ജിക്കുവാൻ മറെറാന്നിനും ഇത്രത്തോളം കെല്പില്ല. മുഖസ്തുതി ക്രമേണ മുഷിപ്പിക്കും. ഉചിതപ്രശംസ ആളുകളെ എപ്പോഴും അടുപ്പിക്കയും ചെയ്യും. കാപട്യലേശമില്ലാത്ത പ്രശംസ ലോകരഞ്ജനത്തിലേക്കുള്ള മറെറാരു കവാടമത്രേ.

മററുള്ളവരുടെ അഭിപ്രായത്തെ ആദരിക്കുക. അവരുടെ നിലയിൽനിന്നുകൊണ്ടു കാൎയ്യങ്ങളെ വീക്ഷിക്കുവാൻകൂടി ശ്രമിച്ചാൽ അവരുമായി അടുക്കുവാൻ എളുപ്പമേറും. ജീവിതത്തിൽ വിജയമുണ്ടാകണമെങ്കിൽ, മററാളുകളുടെ മനോഭാവമെന്താണെന്നു് മനസ്സിലാക്കി പ്രവൎത്തിക്കുവാൻ തയാറാകണം. പ്രശസ്തസാഹിത്യകാരനും തത്വജ്ഞാനിയുമായിരുന്ന എമേഴ്സനും മകനും കൂടി ഒരു കന്നുകുട്ടിയെ തൊഴുത്തിൽ കയററുവാൻ പെട്ട പാട്ട് ഇതിനു ദൃഷ്ടാന്തമാണു്. പിടിച്ചും വലിച്ചും ഉന്തിയും തള്ളിയും പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും കിടാവ്വ് പുൽത്തകിടി വിട്ടു് തൊഴുത്തിൽ കയറുന്നതിന് വിസമ്മതിച്ചു. ഇതു കണ്ടുകൊണ്ടുനിന്ന വേലക്കാരി കിടാവിന് എന്തായിരിക്കും അപ്പോൾ വേണ്ടിയിരുന്നതെന്നു് പെട്ടെന്നു് മനസ്സിലാക്കി. തൻെറ ചൂണ്ടുവിരൽ അതിൻെറ വായിൽവെച്ചുകൊടുത്തു് അതിനെ യാതൊരു പ്രയാസവുംകൂടാതെ സാവധാനം തൊഴുത്തിലേക്കു നയിച്ചു. മററാളുകളുടെ മനോഗതി അറിഞ്ഞുകൊണ്ടു പ്രവൎത്തിക്കുന്നതായാൽ അവർ എളുപ്പത്തിൽ നമുക്കു വഴിപ്പെടും. കുട്ടികളുമായുള്ള പെരുമാററത്തിൽ ഇതു് പ്രത്യേകം ശ്രദ്ധേയമാണു്. അവരുടെ ഹിതം കൂടി നോക്കി പ്രവൎത്തിച്ചില്ലെങ്കിൽ ഒരിക്കലും സ്വൈരമുണ്ടായിരിക്കയില്ല. വലിയ ആളുകളോടു പെരുമാറുമ്പോഴും ഇതു് സൎവ്വദാ അനുവൎത്തിക്കണം. നമ്മുടേയും അവരുടേയും നിലയിൽനിന്നുകൊണ്ടു കാൎയ്യങ്ങളെ വീക്ഷിക്കുവാനുള്ള സന്നദ്ധത അവരെ ആവൎജ്ജിക്കുമെന്നതിനു സംശയമില്ല. ഞാൻ ഒരിക്കൽ ഒരു ദന്തഡാക്ടരെ കാണുവാനായി അയാളുടെ ആഫീസിൽ ചെന്നു. പല്ലുവേദന ദുസ്സഹമായിരുന്ന എനിക്കു ഏതെങ്കിലും വിധത്തിൽ പെട്ടെന്നു ശമനമുണ്ടാകണമെന്നു കരുതിയാണു് ഞാൻ ധൃതിപ്പെട്ടു ചെന്നതു്. എനിക്കു പരിചയമില്ലായിരുന്ന ഡാക്ടർ പല്ലുവേദനയുടെ കാൎയ്യമറിഞ്ഞിട്ടും അതിനൊന്നും ചെയ്യാതെ ഞാൻ ഉദ്യോഗസ്ഥനാണോ എന്നും എൻെറ ശമ്പളമെന്തെന്നും മററുമുള്ള ചോദ്യങ്ങളിലാണു് പ്രതിപത്തി പ്രദൎശിപ്പിച്ചതു്. അയാൾക്കു എന്നിൽനിന്നു് എന്തു പ്രതീക്ഷിക്കാമെന്നുള്ളതാണു് നോട്ടമെന്നു കണ്ടപ്പോൾ ഞാൻ അവിടം വിട്ടു മറെറാരു ഡാക്ടരെ ചെന്നുകണ്ടു. അദ്ദേഹമാകട്ടെ വിവരമറിഞ്ഞയുടൻ മരുന്നുവെച്ചു് വേദനയ്ക്കു ശമനംവരുത്തി. അദ്ദേഹം ചോദിച്ചതു ഞാൻ സന്തോഷത്തോടുകൂടി ഫീസായി ഉടൻ കൊടുക്കുകയുംചെയ്തു. ഒന്നാമത്തെ ഡാക്ടരെപ്പോലെയുള്ളവർ ഏതു തൊഴിലിലും ധാരാളമായി കാണാം. അവർ വിജയം വരിക്കാത്തതിൽ അത്ഭുതപ്പെടുവാ

നില്ല. സ്വാർത്ഥമേ അവക്കു ചിന്തയുള്ളു. മററുള്ളവരുടെ മനോഗതി അറിഞ്ഞു പ്രവർത്തിക്കുവാനുള്ള വിവേകം അവക്കില്ല. ആ വിവേകം ഉണ്ടാകുന്നതു് ലോകരഞ്ജനത്തിനും സുഹൃല്ലാഭത്തിനും അത്യന്താപേക്ഷിതമാണു്.

മററാളുകളുടെ കായ്യത്തിൽ പ്രതിപത്തിയും ആസക്തിയുമുണ്ടെന്നു് കാണിക്കുന്നതു് സുഹൃല്ലാഭത്തിനുള്ള മറെറാരു ഉപായമാണു്. സ്വാർത്ഥത്തിൽ മുഴുകി സമസൃഷ്ടങ്ങളോടു സ്നേഹം പ്രദർശിപ്പിക്കാത്തവരാണു് ജീവിതത്തിൽ മിക്കവാറും പരാജയമടയുന്നതു്. അന്യർ നമ്മിൽ പ്രതിപത്തിയുള്ളവരായി തീരണമെങ്കിൽ അവരിൽ നമുക്കും പ്രതിപത്തി ഉണ്ടായിരിക്കണം. പരസ്പരപ്രതിപത്തിയത്രേ സൌഹാർദ്ദമായി വികസിക്കുന്നതു്. മററുള്ളവർ നമ്മളിൽ പ്രതിപത്തി പ്രദർശിപ്പിക്കുവാൻ കാത്തിരിക്കുന്നവർ സുഹൃത്തുക്കളെ ധാരാളമായി സമ്പാദിക്കയില്ല. പണമെറിഞ്ഞെങ്കിലേ പണമുണ്ടാകയുള്ളു. അന്യരുടെ ചെയ്തികളിൽ നമുക്കു പ്രതിപത്തി ഉണ്ടെന്നു ധരിക്കുമ്പോൾ അവർ അറിയാതെ തന്നെ നമ്മോടു് അടുക്കും. അവരുടെ സങ്കടത്തിൽ സഹതാപവും സന്തോഷത്തിൽ ആഹ്ലാദവും നാം പ്രകടിപ്പിക്കാൻ തുടങ്ങിയാൽ, അതു തന്നെയായിരിക്കും സുഹൃല്ലാഭത്തിനുള്ള പെരുവഴി. നോക്കാത്ത രാജാവിനെ ആരും തൊഴുകയില്ലെന്നു് എപ്പോഴും ഓർമ്മിക്കേണ്ടതാണു്. എളിയവരോടുള്ള അനുഭാവമാണു് പല വ്യവസായസ്ഥാപനങ്ങളുടെയും വിജയത്തിൻെറ രഹസ്യം. വിൻഡ്സർ പ്രഭു സാമാന്യജനങ്ങളുടെ കണ്ണിലുണ്ണിയായി തീരുവാൻ ഇതുതന്നെയാണു് നിദാനം.

ലോകരഞ്ജനത്തിനു് വേറേയും പല ഉപായങ്ങളുണ്ടു്. അവയെക്കുറിച്ചെല്ലാം സൂചിപ്പിക്കുവാൻ പോലും ഒരു ചെറുലേഖനത്തിൽ സാധിക്കയില്ല. ഇവയെ അപേക്ഷിച്ചു് മററുള്ളവ വെറും നീർപ്പോളകൾ. പറഞ്ഞതിലൊന്നും പുത്തരിയില്ല. പക്ഷേ, നാം പ്രതിദിനം കാണുന്നതും അനുഭവിക്കുന്നതും വേണ്ടപോലെ ശ്രദ്ധിച്ചു് നോക്കാറില്ലെന്നുള്ളതു് സത്യമല്ലേ?

എം. ആർ.

## പുസ്തകാഭിപ്രായം

# പാഞ്ചജന്യം വിശേഷാൽ പ്രതി.

നാട്ടുവാണരുളുന്ന നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുനാമസ്മാരകമായി പ്രസിദ്ധം ചെയ്തിട്ടുള്ള പാഞ്ചജന്യം വിശേഷാൽപ്രതി സന്ദർഭത്തിനിണങ്ങിയവിധം പ്രൗഢസുന്ദരമായ ഒരുപഹാരമായിട്ടുണ്ടെന്നു പ്രസ്താവിക്കുവാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. മഹാരാജാവു തിരുമനസ്സിലേയും, തിരുമനസ്സിലെ ധർമ്മദാരങ്ങളായ ശ്രീമതി ലക്ഷ്മിക്കുട്ടി വലിയ നേത്യാരമ്മ അവർകളുടേയും, ദിവാൻ മി. ഡിക്സൺ, മഹാകവി ഉള്ളൂർ, സർദാർ കെ എം. പണിക്കർ മുതലായ അനേകം മഹതീമഹാന്മാരുടേയും ഛായാപടങ്ങളാലും; റസിഡൻറ് കണ്ണൽ മർഫി, ദിവാൻ മി. ഡിക്സൺ, തിരുവിതാംകൂർ ദിവാൻ സർ. സി പി. രാമസ്വാമി അയ്യർ മുതലായവരുടെ സന്ദേശങ്ങളാലും, മഹാകവി വള്ളത്തോൾ പ്രഭൃതികളുടെ മംഗളാശംസകളാലും; നിരവധി സാഹിത്യപടുക്കളുടെ ഗദ്യപദ്യലേഖനങ്ങളാലും അലംകൃതമായ ഈ പ്രസിദ്ധീകരണം കൈരളിക്ക് അമൂല്യമായ ഒരു നേട്ടമാണെന്നുള്ളതിനു സംശയമില്ല സർദാർ പണിക്കരവർകളുടെ മത്തേഭവൃത്തത്തിലുള്ള 'ലളിതാസ്തോത്രം' രചനാസൌഷ്ഠവംകൊണ്ട് അത്യന്തം ഹൃദ്യമായിട്ടുണ്ട് ഇതിലെ പദ്യലേഖനങ്ങളിൽ ഏററവും ശ്രദ്ധേയമായിട്ടുള്ളത് മഹാകവി ഉള്ളൂരിൻെറ "പടക്കിനാവ്" എന്ന കവിതയാണ്. അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ "സുഖംസുഖം" എന്ന കവിതയോടു പലവിധത്തിലും സാമ്യമുള്ള ഇക്കൃതി ഭൗതികസംസ്കാരത്തെ കർക്കശമായ് അപലപിക്കുന്നു. ഉള്ളൂർ കവിത കഠിനമെന്നും ദുരവഗാഹമെന്നും മററും അപവാദഘോഷം മുഴക്കുന്നവർ അദ്ദേഹം കുറേക്കാലമായി എഴുതിക്കൊണ്ടിരിക്കുന്ന കവിതകൾ വായിച്ചിട്ടില്ലാത്തവരാണ്. ശ്രീമതി ലളിതാംബിക അന്തർജ്ജനത്തിൻെറ മാതൃദേശസ്നേഹം തുളുമ്പുന്ന 'പ്രബോധനം,' നാലാങ്കൽ കൃഷ്ണപിള്ളയുടെ 'മോദവും ശോകവും' എന്ന കവിതകളും നന്നായിട്ടുണ്ട്. ഡോക്ടർ എൽ. എ രവിവർമ്മയുടെ 'ആയുർവേദോന്നമനം' എന്ന പ്രബന്ധത്തിൽ പ്രായോഗികങ്ങളായ പല നിർദ്ദേശങ്ങളും ചെയ്തിട്ടുണ്ട് ശിരോമണി പി കൃഷ്ണൻനായരവർകളുടെ 'അർത്ഥശാസ്ത്രം' എന്ന ലേഖനം ആ പ്രാചീനഗ്രന്ഥത്തിൻെറ ഒരു സ്വരൂപം വായനക്കാരിൽ പതിപ്പിക്കുവാൻ പര്യാപ്തമായിട്ടുണ്ട് 'മലയാളത്തിലുണ്ടാകേണ്ട ചില മുഖ്യഗ്രന്ഥങ്ങ'ളെക്കുറിച്ചുള്ള പ്രൊഫസർ ശങ്കരൻ നമ്പിയാരുടെ ലേഖനം ഇതിന്നുമുൻപുതന്നെ അന്യപത്രമാസികകൾവഴി വായനക്കാർക്കു പരിചിതമായിട്ടുണ്ട്. 'കൊച്ചിയും സംസ്കൃതപഠനവും' എന്ന ലേഖനത്തിൽ ബ്രഹ്മശ്രീ വി. കെ. നാരായണഭട്ടതിരി ചെയ്തിരിക്കുന്ന ഉൽബോധനം രാജർഷിയുടെ കൃതജ്ഞതയെ വിശേഷിച്ചും അർഹിക്കുന്നുണ്ട്. സർവ്വഥാകമനീയവും വിജ്ഞാനദായകവുമായ ഈ വിശേഷാൽപ്രതിയുടെ പ്രസാധകന്മാരെ ഞങ്ങൾ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

# ജരാസന്ധവധവ്യായോഗം.

ഗ്രന്ഥകർത്താ:

## നടുവത്തു ശങ്കരൻ നമ്പൂതിരി.

കൈരളിയിലും ഗൈർവ്വാണിയിലും വാക്ശരങ്ങൾ പ്രയോഗിക്കുന്നതിലദ്വിതീയനായ സരസദ്രുതകവികിരീടമണി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ സംസ്കൃതത്തിൻെറ പരിഭാഷയാകുന്നു പ്രസ്തുത വ്യായോഗം.

ഭാഷാസാഹിത്യസാമ്രാജ്യത്തിൽ അനശ്വരയശസ്സ് സമാർജ്ജിച്ചിട്ടുള്ള നടുവത്തച്ഛൻ നടുവം മഹൻ എന്നീ സരസകവികളുടെ പേരിനെ നിലനിറുത്തുവാനവതരിച്ച ഒരു യുവകവിയാണ് നടുവത്തു് ശങ്കരൻ നമ്പൂതിരി. ഞങ്ങളുടെ മാന്യവായനക്കാർക്ക് പ്രസ്തുത വ്യായോഗകർത്താവായ ശങ്കരൻ നമ്പൂതിരി അവർകൾ കേവലം അപരിചിതനല്ല. ആശയശുദ്ധിയും പദസ്വാധീനവും വാസനയും തികഞ്ഞ ഇന്നത്തെ യുവകവികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം ഇദ്ദേഹത്തിനുണ്ടെന്നുള്ള കാര്യം തീർച്ചതന്നെ.

പദത്തിന് പദം ഒപ്പിച്ചു മാറി ആകെക്കൂടി ഒരു വെങ്കലബ്ഭാഷയിൽ മൂലവും ഭാഷയുമല്ലാതെ രണ്ടുതരക്കാർക്കും ആവശ്യമില്ലാത്ത തരത്തിൽ വിവർത്തനം ചെയ്തുകൂട്ടുന്ന കൂട്ടത്തിലല്ല ശ്രീ: നമ്പൂതിരി അവർകൾ വ്യായോഗം ഭാഷപ്പെടുത്തിയിരിക്കുന്നത്. ഒരു ഉദാഹരണംകൊണ്ടുതന്നെ ഇക്കാര്യം വ്യക്തമാക്കാം.

മൂലം—കുഞ്ഞിക്കുട്ടാപരാഖ്യസ്സുകില കവയിതാരാമവർമ്മാവനീശഃ
പുണ്യം വസ്തുപ്രശസ്തം മഗധപതി ജയീ നായകോ ഭീമസേനഃ
കിഞ്ചാന്യസ്സൂത്രധാരസ്സ്വയമിഹ കഥനാം കൗതുകീ വാസുദേവഃ
പ്രാജ്ഞാസ്സാമാജികാശ്ചേത്യഭിനയവിഷയേസ്സർവ്വമവ്യാഹതം നഃ

ഭാഷ—ഭഞ്ജിക്കാം പുണ്യമൊക്കും കഥ വിദിതമഹോ! രാമവർമ്മാവനീശൻ
കുഞ്ഞിക്കുട്ടാപരാഖ്യൻ കവി; മഗധജയീനായകൻ ഭീമസേനൻ
കുഞ്ഞിക്കള്ളത്തരം കൂടിയ മധുരിപുതാൻ സൂത്രധാരൻ ബുധൗഘം
രഞ്ജിച്ചീടുന്ന രംഗം; നടനവിഷയസമ്പൂർത്തി നമ്മൾക്കു കിട്ടി

ഇങ്ങനെയുള്ള പദ്യങ്ങളാണിതിലധികവും

പദസ്വാധീനം, രചനാഭംഗി, അക്ലിഷ്ടത, ആശയശുദ്ധി തുടങ്ങിയ കവിതാഗുണങ്ങളിണങ്ങിയ പ്രസ്തുത കൃതിക്ക് മഹാകവികളായ ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ മഹാന്മാരുടെ അഭിപ്രായങ്ങളും അലങ്കാരമായിത്തീർന്നിട്ടുണ്ട്.

ചെറുപ്പക്കാരനും സരസകവിയും സഹൃദയനും ആയ ഗ്രന്ഥകർത്താവിൽനിന്നും ഇതുപോലെ അനേകം സദ്ഗ്രന്ഥങ്ങൾ ഉണ്ടാകുമെന്നു വിശ്വസിക്കയും ഞങ്ങൾ അദ്ദേഹത്തിന് സർവ്വമംഗളങ്ങളുമാശംസിക്കയും ചെയ്യുന്നു.